**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 3904 — 24.08.2017-ൽ മറുപടിക്ക്

**ഭൂരഹിതരായിട്ടുള്ള പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭൂമി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. മുല്ലക്കര രത്നാകരൻ** | | **ശ്രീ. എ.കെ. ബാലൻ**<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭൂരഹിതരായിട്ടുള്ള പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭൂമി നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ; | എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട 50,000/- രൂപയിൽ താഴെ വരുമാനമുള്ളതും സ്വന്തമായി ഭൂമിയില്ലാത്തതുമായ അപേക്ഷകർക്ക് പഞ്ചായത്തുകളിൽ 5 സെന്റ് സ്ഥലം വാങ്ങുന്നതിന് 3,75,000/- രൂപയും, മുൻസിപ്പാലിറ്റികളിൽ 3 സെന്റിനു 4,50,000/- രൂപയും, കോർപ്പറേഷനിൽ 3 സെന്റിന് 6,00,000/- രൂപയും നിരക്കിൽ അനുവദിച്ചു വരുന്നു. ഗുണഭോക്താക്കളെ ഗ്രാമസഭാ/വാർഡ് സഭ ലിസ്റ്റുകളിൽ നിന്നും തിരഞ്ഞെടുക്കുന്നു. വാർഡ് സഭ/ഗ്രാമസഭ ലിസ്റ്റ് ലഭ്യമല്ലാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വകുപ്പ് മുഖേന നേരിട്ട് അപേക്ഷ ക്ഷണിച്ച് ഗുണഭോക്താക്കളുടെ മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുകയും നിലവിലുള്ള സർക്കാർ ഉത്തരവുകളിലെ അർഹതാ മാനദണ്ഡങ്ങളനുസരിച്ച് ധനസഹായം അനുവദിക്കുകയും ചെയ്യുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭൂരഹിതരായ പട്ടികജാതിക്കാർക്ക് ഭൂമി നൽകുന്നതിന് പുതിയ പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല. 2016-17-ൽ 4465 പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി നൽകി.<br>പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് മുൻ സർക്കാർ ഊർജ്ജിതമായി നടപ്പിലാക്കാതെ മാറ്റി വച്ചിരുന്ന വനാവകാശ നിയമപ്രകാരം ഭൂമി നൽകുന്ന നടപടി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ത്വരിതപ്പെടുത്തി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെയും ബഹു. |

<table>
<tr><td></td><td></td><td></td><td>സുപ്രീം കോടതിയുടേയും അനുമതി ലഭിച്ച നിക്ഷിപ്ത വനഭൂമി വിതരണം ചെയ്യുന്നതിന് റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, വനം വകുപ്പ് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്, പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ എന്നിവരടങ്ങിയ ഒരു സമിതിയെ നിയോഗിക്കുകയും അതിൻപ്രകാരം നിക്ഷിപ്ത വനഭൂമി വിതരണത്തിന് അനുമതി ലഭിച്ച കാസർഗോഡ്, കണ്ണൂർ, വയനാട്, പാലക്കാട്, മലപ്പുറം എന്നിവിടങ്ങളിലെ ഭൂമി 3 മാസത്തിനകം അളന്ന് തിരിച്ച് വിതരണം ചെയ്യുന്നതിന് സ്പെഷ്യൽ സർവ്വേ ടീമിനെ നിയോഗിച്ചു. അതിന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. 01.01.1977 ന് മുമ്പ് വനഭൂമി കൈവശമുള്ള പട്ടികവർഗ്ഗക്കാർക്കും പട്ടയം നൽകുന്നതിന് ഉത്തരവാകുകയും തുടർനടപടി റവന്യൂ വകുപ്പ് മുഖേന സ്വീകരിച്ചു വരികയുമാണ്. റവന്യൂ ഭൂമി ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ ഭൂമി വാങ്ങി നൽകുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നുണ്ട്.</td></tr>
<tr><td>ബി)</td><td>ഭൂമി ലഭിക്കുന്നതിന് എത്ര അപേക്ഷകൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ ;</td><td>ബി)</td><td>പട്ടികജാതി വിഭാഗങ്ങൾക്ക് ഭൂമി ലഭിക്കുന്നതിനായി 22,182 അപേക്ഷകൾ നിലവിലുണ്ട്.<br>പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് ഭൂമി ലഭിക്കുന്നതിനായി ഓരോ ജില്ലയിലും ലഭിച്ചിട്ടുള്ള അപേക്ഷകളുടെ എണ്ണം ചുവടെ ചേർക്കും പ്രകാരമാണ്.
<table>
<tr><th>ക്രമനം.</th><th>ജില്ല</th><th>ഭൂമി ലഭിക്കുന്നതിന് നിലവിലുള്ള അപേക്ഷകളുടെ എണ്ണം</th></tr>
<tr><td>1</td><td>തിരുവനന്തപുരം</td><td>2</td></tr>
<tr><td>2</td><td>കൊല്ലം</td><td>12</td></tr>
<tr><td>3</td><td>പത്തനംതിട്ട</td><td>106</td></tr>
<tr><td>4</td><td>കോട്ടയം</td><td>49</td></tr>
<tr><td>5</td><td>ആലപ്പുഴ</td><td>43</td></tr>
<tr><td>6</td><td>ഇടുക്കി</td><td>62</td></tr>
</table>
</td></tr>
</table>

<table>
<tr><td></td><td></td><td></td><td>
<table>
<tr><td>7</td><td>എറണാകുളം</td><td>11</td></tr>
<tr><td>8</td><td>തൃശ്ശൂർ</td><td>6</td></tr>
<tr><td>9</td><td>കോഴിക്കോട്</td><td>11</td></tr>
<tr><td>10</td><td>പാലക്കാട്</td><td>130</td></tr>
<tr><td>11</td><td>മലപ്പുറം</td><td>74</td></tr>
<tr><td>12</td><td>കണ്ണൂർ</td><td>0</td></tr>
<tr><td>13</td><td>വയനാട്</td><td>3743</td></tr>
<tr><td>14</td><td>കാസർഗോഡ്</td><td>446</td></tr>
<tr><td></td><td>ആകെ</td><td>4695</td></tr>
</table>
</td></tr>
<tr><td>സി)</td><td>2016 മെയ് 1 മുതൽ 2017 ജൂലൈ 31 വരെ ഈ വിഭാഗത്തിലെ എത്ര പേർക്ക് ഭൂമി നൽകിയെന്ന കണക്ക് ലഭ്യമാക്കാമോ ?</td><td>സി)</td><td>
പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് 4,732 പേർക്ക് 2016 മെയ് മുതൽ 2017 ജൂലൈ വരെ ഭൂമി ലഭ്യമാക്കിയിട്ടുണ്ട്.<br><br>
പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 2016 മെയ് മുതൽ 2017 ജൂലൈ വരെ നൽകിയ ഭൂമിയുടെ വിവരം ചുവടെ ചേർക്കുന്നു.
<table>
<tr><td>1</td><td>നിക്ഷിപ്തവന ഭൂമി</td><td>667 പേർക്ക് 558 ഏക്കർ ഭൂമി</td></tr>
<tr><td>2</td><td>ഭൂമി വാങ്ങി നൽകുന്ന പദ്ധതി</td><td>202 പേർക്ക് 86.863 ഏക്കർ ഭൂമി</td></tr>
<tr><td>3</td><td>വനാവകാശനിയമപ്രകാരം കൈവശരേഖ നൽകിയത്</td><td>136 പേർക്ക് 705 ഏക്കർ ഭൂമി.</td></tr>
</table>
</td></tr>
</table>

സെക്ഷൻ ഓഫീസർ